# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തക സമിതി യോഗംSWC 10/2020
# 21.11.2020 ഗൂഗിൾ മീറ്റ്

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിങ്
3. ജില്ലാ റിപ്പോർട്ടിങ്
4. ദേശീയപണിമുടക്ക്
5. തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ്
6. റിട്ടയേർഡ് ടീച്ചേർസ് കോപ്പറേറ്റീവ് സൊസൈറ്റി
7. വനിതാ സബ്കമ്മിറ്റി, അക്കാഡമിക് കമ്മിറ്റി, എ.സി.എസ്.ആർ
8. സംഘശബ്ദം, എം.ബി.ടി.
9. മറ്റ് കാര്യങ്ങൾ

**ഹാജർ**

ഡോ. എം. സത്യൻ, ഡോ. എൻ. മനോജ്, ഡോ. ഗീതാനമ്പ്യാർ എം. കെ., ഡോ. രാജേഷ്കുമാർ പി., ഡോ. ഇമ്പിച്ചിക്കോയ കൗട്യമാക്കനകം, ഡോ. വിനു ഭാസ്ക്കർ, സന്തോഷ് ടി. വർഗീസ്, ഡോ. മുഹമ്മദ് റഫീഖ്, ഡോ. ചന്ദ്രമോഹൻ കെ. ടി., ഡോ. പ്രിൻസ് പി. ആർ., ഡോ. സുനിൽ വി. ടി., ഡോ. മാണിക്യരാജ് കെ, സൗമ്യ എസ്, ഡോ. ഷജില ബീവി, ഡോ. സുനിത എ. പി., ഡോ. അലിക്കുട്ടി സി., ഡോ. ഷാനവാസ് പി. എച്ച്, ശശി സി. ടി., ഡോ. ബേബി ഷീബ, സജിത്ത് കുമാർ പി., ഡോ. പ്രമോദ് സി., സോബിൻ വർഗീസ് എം വി, രഘുദാസ് പി.വി., ഡോ.സഞ്ചയ്കുമാർ എസ്., ഡോ. ബാലസുബ്രഹ്മണ്യൻ വി., ഡോ. ജോജോ മോൻ എൻ.എ., ഡോ. എം. എസ്. മുരളി, രഞ്ജിത് മോഹൻ പി., ഡോ. അനൂപ് ജെ. ആലക്കപ്പള്ളി, ഡോ. എ. ബാലകൃഷ്ണൻ, ഡോ. ആനന്ദ് ദിലീപ് രാജ്, ഡോ. ഗ്രേഷ്യസ് ജെ., ഡോ. വിഷ്ണു വി.എസ്., ഡോ. റോസ്നികസ് പി. കെ. ഡോ. എം. എ. അസ്കർ, ഡോ. സെനോ ജോസ്, ഡോ. സുമിജോയി ഒലിയപ്പുറം, ഡോ. ബി. ഉണ്ണികൃഷ്ണമൻ നായർ, ഡോ. റിജുലാൽ ജി., ഡോ. രാജു. എം. സി.

രാവിലെ 10 മണിക്ക് ഓൺലൈൻവഴി ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എം . സത്യൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന ട്രഷറർ ഡോ. ഗീത നമ്പിയാർ എം. കെ. അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

പത്രപ്രവർത്തകൻ ഹാരോൾഡ് ഇവാൻസ്, ക്രിക്കറ്റ് താരം ഡീൻ ജോൺസ്, വിഖ്യാത ഗായകൻ എസ്.പി. ബാലസുബ്രഹ്മണ്യം, മുൻ കേന്ദ്രമന്ത്രി ജസ്വന്ത് സിംഗ്, മുൻമന്ത്രി സി.എഫ്. തോമസ്, മനശാസ്ത്രജ്ഞൻ ഡോ. മാത്യു വെല്ലൂർ, അഭിനേത്രി ശാരദ നായർ, കേരള ഹൈക്കോടതി ആദ്യ വനിതാ ചീഫ് ജസ്റ്റിസ് ആയിരുന്ന ജസ്റ്റിസ് കെ.കെ.ഉഷ, കേന്ദ്രമന്ത്രി രാം വിലാസ് പാസ്വാൻ, ഫുട്ബോൾ താരം കാൾട്ടൻ ചാപ്മാൻ, മഹാകവി അക്കിത്തം അച്യുതൻ നമ്പൂതിരി, മാർത്തോമ സഭയുടെ പരമാധ്യക്ഷൻ ഡോ. ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്ത, മതതീവ്രവാദികൾ കൊലപ്പെടുത്തിയ ചരിത്ര അധ്യാപകൻ സാമുവൽ പാറ്റി, ശാസ്ത്രാന്വേഷകൻ ജയിംസ് റാൻഡി, സി.പി.ഐ.(എം)

നേതാവും മുൻ കോഴിക്കോട് മേയറുമായ എം ഭാസ്ക്കരൻ, ഗുജറാത്ത് മുൻ മുഖ്യമന്ത്രി കേശുഭായ് പട്ടേൽ, ഹോളിവുഡ് ഇതിഹാസം ഷോൺ കോണറി, വയലിൻ വിദ്വാൻ ടി.എൻ.കൃഷ്ണൻ, യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാൻ പി. ബിജു., വിശ്വപ്രശസ്ത ചലച്ചിത്രകാരൻ ഫെർനാഡോ സൊളാനസ്, കുഴൽമന്ദം മുൻ എംഎൽഎ ആയിരുന്ന എം. നാരായണൻ, പാലസ്തീൻ വിമോചന സംഘടനയുടെ സെക്രട്ടറി ജനറലും സമാധാന ചർച്ചകളിൽ പാലസ്തീന്റെ അന്താരാഷ്ട്ര മുഖവുമായ സാഹിബ് ഏറെകാത്, വിഖ്യാത നടൻ സൗമിത്ര ചാറ്റർജി, കോവിഡ് മഹാമാരിയിൽ അകപ്പെട്ടു നമ്മെ വിട്ടു പോയ അനേകായിരം മനുഷ്യർ , തുടങ്ങിയവരുടെ നിര്യാണത്തിൽ കമ്മറ്റി അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളെ ചില സാങ്കേതികബുദ്ധിമുട്ടുകാരണം കഴിഞ്ഞമാസം നമുക്ക് സംസ്ഥാനകമ്മിറ്റി ചേരാൻ സാധിച്ചില്ല. ഒരു മാസത്തിനിടയിൽ ഉള്ള കാര്യങ്ങളാണ് റിപ്പോർട്ട് ചെയ്യുന്നത്. ഒക്ടോബർ 5ന് കേന്ദ്ര സർക്കാരിന്റെ പുതിയ ദേശീയവിദ്യാഭ്യാസനയം പിൻവലിക്കുക എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് ദേശീയ സംഘടനയായ ഐഫക്റ്റോയുടെ ആഭിമുഖ്യത്തിൽ നടത്തിയ വെബ് റാലിയിൽ എ.കെ.ജി.സി.ടി.യുടെ യുടെ മികച്ച പങ്കാളിത്തം ഉണ്ടായിരുന്നു. ഇതിൽ പങ്കെടുത്ത എല്ലാ സംഘടനാംഗങ്ങളെയും സംസ്ഥാന പ്രവർത്തകസമിതിക്കുവേണ്ടി അഭിവാദ്യം ചെയ്യുന്നു. ദേശീയ വിദ്യാഭ്യാസനയ ത്തിനെതിരെ സംസ്ഥാനത്ത് സംയുക്ത സമരസമിതിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 6ന് നടന്ന വെബ്റാലി കേരളത്തിന്റെ ആരാധ്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനംചെയ്തു. അതിൽ മുൻ പാർലമെൻറ് അംഗ ങ്ങളായ ശ്രീ. എ. വിജയരാഘവൻ അഡ്വ. കെ. എൻ. ബാലഗോപാൽ തുടങ്ങി യവർ സംസാരിച്ചു. പങ്കാളിത്തംകൊണ്ടും സംഘാടനംകൊണ്ടും മികവുറ്റ തായിരുന്നു വെബ്റാലി. ഇതിനുവേണ്ടി പ്രവർത്തിച്ച മുഴുവൻ എ.കെ.ജി.സി.ടി. പ്രവർത്തകരെയും സംഘടന ഊഷ്മളമായി അഭിവാദ്യംചെയ്യുന്നു. പുതിയ ദേശീയവിദ്യാഭ്യാസനയം പിൻവലിക്കണമെന്നാവശ്യപ്പെട്ട്കൊണ്ട് ഇനിയും നിരവധി പ്രതിഷേധപരിപാടികൾ രാജ്യത്താകമാനം നടക്കും. അതിലും നാം പങ്കാളികളാകണം.

വിദ്യാഭ്യാസവിരുദ്ധ, കർഷകവിരുദ്ധ, ജനവിരുദ്ധകോർപ്പറേറ്റ് നയങ്ങൾ ക്കെതിരെ നവംബർ 26ന് കേന്ദ്ര ട്രേഡ് യൂണിയനുകളുടെയും, സംസ്ഥാന ട്രേഡ് യൂണിയനുകളുടെയും, സ്വതന്ത്ര ട്രേഡ് യൂണിയനുകളുടെയും, വിവിധ സർവീസ് അംഗങ്ങളുടെയും, അധ്യാപക സംഘടനകളുടെയും ആഭിമുഖ്യത്തിൽ നടക്കുന്ന ദേശീയപണിമുടക്ക് വിജയിപ്പിക്കേണ്ടത് നമ്മുടെ കടമയാണ്. രാജ്യത്ത് നടപ്പിലാക്കാൻ ശ്രമിക്കുന്ന ദേശീയവിദ്യാഭ്യാസനയം പിൻവലിക്കുക എന്ന മുദ്രാവാക്യംകൂടി പണിമുടക്കിന്റെ ഭാഗമായി ഉണ്ട്. സർക്കാർകോളേജ് മേഖലയിൽ പണിയെടുക്കുന്ന മുഴുവൻ അധ്യാപകസുഹൃത്തുക്കളും സമരത്തിൽ പങ്കെടുക്കാൻ തയ്യാറാവണം. അതിനുവേണ്ട പ്രചരണപ്രവർത്ത നങ്ങളിൽ നാം പങ്കാളികളാകണം.

47 കോളേജുകളിലായി 49 കോഴ്സുകൾ അനുവദിച്ച സർക്കാർ 5-11-2020ന് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. അവ തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ സർവകലാശാലയുടെയും ഉന്നതവിദ്യാഭ്യാസവകുപ്പിന്റെയും ഭാഗത്തുനിന്ന് എത്രയും വേഗം ഉണ്ടാവണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് വകുപ്പ് സെക്രട്ടറിക്കും മന്ത്രിക്കും സംഘടന കത്തുനല്കിയിട്ടുണ്ട്. സീനിയോറിറ്റി

അനുസരിച്ചു പ്രിൻസിപ്പൽനിയമനം നടത്താൻ ആവശ്യമായ ഇടപെടൽ സംഘടന നടത്തിവരുന്നു.

നവംബർ 6ന് പേ റിവിഷൻ സംബന്ധിച്ച് ഇറങ്ങിയ ഉത്തരവ് അധ്യാപകരെ പ്രതികൂലമായി ബാധിക്കുന്നതാണ്. അത് തിരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ടു ഉന്നതവിദ്യാഭ്യാസവകുപ്പുമന്ത്രിക്കും, പ്രിൻസിപ്പൽ സെക്രട്ടറിക്കും സംഘടന കത്ത് നൽകിയിട്ടുണ്ട്. എത്രയും വേഗത്തിൽ ആ ഉത്തരവ് തിരുത്തി ഇറക്കാൻ വേണ്ട ഇടപെടൽ നടത്തിവരുന്നു.

9.10.2020ന് കോളേജ് വിദ്യാഭ്യാസവകുപ്പ് ഡയറക്ടറുടെ അധ്യക്ഷതയിൽ പുതിയ ട്രാൻസ്ഫർ നോംസിന്റെ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് വേണ്ടി സംഘടനകളുടെ യോഗം ചേർന്നിരുന്നു. അതിൽ സംഘടനയെ പ്രതിനിധീകരിച്ച് ജനറൽ സെക്രട്ടറിയും പ്രസിഡണ്ടും പങ്കെടുത്തു. നാലു വർഷം കൂടുമ്പോൾ ഉള്ള നിർബന്ധിത സ്ഥലം മാറ്റം, ഹോം സ്റ്റേഷൻ മാറ്റം ഒരുപ്രാവശ്യം മാത്രമേ സാധിക്കുകയുള്ളൂ തുടങ്ങിയ അധ്യാപക വിരുദ്ധ നിർദ്ദേശങ്ങൾ ഒരു രീതിയിലും അനുവദിക്കുകയില്ല എന്ന സംഘടനാ നിലപാട് അറിയിച്ചിട്ടുണ്ട്.

ഡിഗ്രി ഒന്നാം സെമസ്റ്റർ ക്ലാസുകൾ ആരംഭിച്ചതിനാൽ പല കോളേജുകളിലും ഗസ്റ്റ് അധ്യാപകരുടെ ആവശ്യകത ഉണ്ട്. ഈ വിഷയത്തിൽ എത്രയും വേഗം കോളേജ് വിദ്യാഭ്യാസവകുപ്പിന്റെ ഭാഗത്തുനിന്നും ഉത്തരവ് നൽകണമെന്ന് സംഘടന ആവശ്യപ്പെട്ടിട്ടുണ്ട്. ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകനിയമനത്തിന് തടസ്സംനിൽക്കുന്ന രീതിയിലുള്ള ഒരു ഉത്തരവ് നിലനിൽക്കുന്നുണ്ട്. അത് തിരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ടു കോളേജ് വിദ്യാഭ്യാസഡയറക്ടർക്കും ഉന്നതവിദ്യാഭ്യാസവകുപ്പിനും സംഘടന കത്ത് നൽകിയിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ മുഴുവൻ അധ്യാപകരും പുരോഗമന ആശയങ്ങൾക്ക് കരുത്തു പകരാനും, വിദ്യാഭ്യാസമേഖലയുടെ ഉണർവ് ലക്ഷ്യം വയ്ക്കാനും ഉതകുന്ന രീതിയിൽ സമ്മതിദാന അവകാശം രേഖപ്പെടുത്താൻ ജാഗ്രത കാണിക്കണം. ഇതിനുവേണ്ട പ്രചാരണപ്രവർത്തനങ്ങൾ യൂണിറ്റുകളിൽ നടത്തണം.**

റിട്ടയേർഡ് ടീച്ചേർസ് കോപ്പറേറ്റീവ് സൊസൈറ്റിയുടെ വിതുരയിലെ ഫ്ലാറ്റ് - വില്ല നിർമാണനടപടികൾ പുരോഗമിക്കുന്നുണ്ട്. നമ്മുടെ അധ്യാപകർക്ക് അവിടെ ഫ്ലാറ്റും, വില്ലയും ലഭിക്കുന്നതിനും, സൊസൈറ്റി ഭരണ സമിതിയിൽ പങ്കാളിത്തം ഉറപ്പാക്കുന്നതുൾപ്പെടെയുള്ള പ്രൊപോസൽ അവരുടെ ഭാഗത്തു നിന്നും വന്നിട്ടുണ്ട്.

സംഘടനയുടെ 2021ലെ കലണ്ടർ പ്രിന്റിങിലാണ്. അത് ലഭ്യമായാൽ ഉടൻ തന്നെ യൂണിറ്റുകളിൽ എത്തിക്കുന്നതാണ്. സംഘശബ്ദം അടുത്തയാഴ്ച യോടുകൂടി പുറത്തിറങ്ങുമെന്നാണ് പ്രതീക്ഷിക്കുന്നത്.

എഫ്.എസ്.ഇ.ടി.ഓയുടെ നമ്മുടെ സംഘടനാവിഹിതവും ഫെഡറേഷൻ കേന്ദ്ര കമ്മിറ്റി ഓഫീസ് നിർമ്മാണത്തിനുള്ള വിഹിതവുമുൾപ്പെടെ 13,500 രൂപ സംഘടന നൽകിയിട്ടുണ്ട്. മെംബർഷിപ്പ് പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി സമയബന്ധിതമായി പ്രവർത്തിച്ച യൂണിറ്റ് സെക്രട്ടറിമാർ, ജില്ലാസെക്രട്ടറിമാർ, സംസ്ഥാന പ്രവർത്തകസമിതി അംഗങ്ങൾ തുടങ്ങി എല്ലാ പ്രവർത്തകരെയും സംഘടന അഭിവാദ്യം ചെയ്യുന്നു.

തുടർന്ന് ജില്ലാസെക്രട്ടറിമാർ ജില്ലാറിപ്പോർട്ടിംഗ് നടത്തി. ഈ റിപ്പോർട്ടുകൾക്കുമേൽ വിശദമായ ചർച്ച നടന്നു. തുടർന്ന് അജണ്ട തിരിച്ചുള്ള വിഷയങ്ങളിൽ ചർച്ച നടന്നു. ചർച്ചയിൽ എല്ലാ പ്രവർത്തകസമിതി അംഗങ്ങളും സജീവമായി പങ്കെടുത്തു. ഇതിനെത്തുടർന്ന് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

**തീരുമാനങ്ങൾ**

1. നവംബർ 26നു നടക്കുന്ന ദേശീയപണിമുടക്ക് വിജയിപ്പിക്കാനും അതിന്റെ പ്രചാരണപ്രവർത്തനങ്ങൾ ഏറ്റെടുത്തുനടത്തുവാനും തീരുമാ നിച്ചു.
2. എല്ലാ സർക്കാർകോളേജുകളിലും കോഴ്സുകൾ ആരംഭിക്കാനും, നിലവിൽ കോഴ്സുകൾ അനുവദിക്കപ്പെട്ട കോളേജുകളിൽ എത്രയും വേഗം അവ ആരംഭിക്കാനും നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാറിനെ സമീപിക്കാൻ തീരുമാനിച്ചു.
3. 2018 ജൂലൈ 18ന് ശേഷമുള്ള പ്ലേസ്മെന്റ് നടപടികൾ ത്വരിതഗതിയിൽ ആക്കാനുള്ള ഇടപെടൽ നടത്തും.
4. ഗസ്റ്റ് അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് എത്രയുംവേഗം സർക്കുലർ ഇറക്കാൻ കോളേജുവിദ്യാഭ്യാസവകുപ്പിൽ ഇടപെടും.
5. മീഡിയ കമ്മറ്റിയുടെ പ്രവർത്തനം ഊർജിതമാക്കണമെന്ന് തീരുമാനിച്ചു.
6. തദ്ദേശസ്വയംഭരണതിരഞ്ഞെടുപ്പിൽ പുരോഗമനാശയങ്ങൾക്ക് കരുത്തു പകരുന്ന രീതിയിൽ മുഴുവൻ അധ്യാപകരും തങ്ങളുടെ സമ്മതിദാനാവകാശം വിനിയോഗിക്കണം.
7. സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കാൻ വേണ്ട ഇടപെടൽ നടത്തും.
8. റിട്ടയേർഡ് ടീച്ചേർസ് കോപ്പറേറ്റീവ് സൊസൈറ്റിയുടെ വിതുരയിലെ ഫ്ലാറ്റ് - വില്ല സംരംഭവുമായി സഹകരിക്കാൻ തീരുമാനിച്ചു.
9. അക്കാദമിക്ക് കമ്മിറ്റിയുടെ വെബിനാർ പരമ്പര 23-11-2020 മുതൽ നടത്തുവാൻ തീരുമാനിച്ചു.
10. സർവകലാശാലകളിൽ ഓപ്പൺഡിഫൻസുമായി ബന്ധപ്പെട്ട കോഡ് ഓഫ് കോണ്ടക്റ്റ് തയ്യാറാക്കണമെന്ന് സർവകലാശാലകളോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് 1.30ന് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

ഡോ. എൻ. മനോജ്
ജനറൽ സെക്രട്ടറി

21.11.2020